(എഫ് ആന്റ് ജി) 7-9-2002-ലെ സർക്കാർ ഉത്തരവ് എം. എസ്. നമ്പർ 135/02/റ്റി.ഡി. പ്രകാരം സംസ്ഥാന ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് ഉത്തരവായി. ലോട്ടറിയുടെ നടത്തിപ്പിന് വേണ്ടിയുള്ള ചട്ടങ്ങൾ 16-7-2003-ലെ സർക്കാർ ഉത്തരവ് (പി) 118/03/റ്റി. ഡി. പ്രകാരം പുറപ്പെടുവിച്ചു.

അത് പ്രകാരം ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചുവെങ്കിലും ടെണ്ടർഫോം വാങ്ങിയ 9 പേരിൽ ആരും തന്നെ ടെണ്ടർ സമർപ്പിച്ചില്ല. ഓൺലൈൻ ലോട്ടറികളെ സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഒരു പുനർ ചിന്തനം ആവശ്യമെന്ന് കരുതുന്നു.

ഭാഗ്യക്കുറി വില്പനയിലൂടെ ഭാഗ്യക്കുറി വകുപ്പ് സ്വരൂപിച്ച തുക

50 [333] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 മുതൽ 2004 വരെയുള്ള ഓരോ വർഷവും ഭാഗ്യക്കുറി വില്പനയിലൂടെ ഭാഗ്യക്കുറി വകുപ്പ് സ്വരൂപിച്ച തുകയുടെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്ത് തുക വീതം ഓരോ വർഷവും സമ്മാനത്തുകയായി വിതരണം ചെയ്തിട്ടുണ്ട്;

(സി) ഓരോ വർഷവും ഏജന്റുമാർക്ക് നൽകിയ കമ്മീഷൻ തുക എത്രയാണ്;

(ഡി) കേരള സംസ്ഥാന ഭാഗ്യക്കുറി വില്പനയ്ക്കു വേണ്ടി സംസ്ഥാനത്ത് ആകെ എത്ര അംഗീകൃത ഏജന്റുമാരാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000 മുതൽ 2004 വരെയുള്ള കാലയളവിൽ ഭാഗ്യക്കുറി വില്പനയിലൂടെ സ്വരൂപിച്ച തുകയുടെ കണക്ക്:—

വർഷം	തുക (രൂപ കോടിയിൽ)
2000-01	134.16
2001-02	122.69
2002-03	131.69
2003-04 (2003 ഡിസംബർ 31 വരെ)	95.08

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000 മുതൽ 2004 വരെ സമ്മാനവിതരണം നടത്തിയ തുകയുടെ കണക്ക്:

വർഷം	തുക (രൂപ കോടിയിൽ)
2000-01	57.15
2001-02	65.43
2002-03	74.86
2003-04 (2003 ഡിസംബർ 31 വരെ)	39.50

(സി) 2000 മുതൽ 2004 വരെ ഏജന്റുമാർക്ക് നൽകിയ കമ്മീഷൻ തുകയുടെ കണക്ക്:

വർഷം	തുക (രൂപ കോടിയിൽ)
2000-01	51.05
2001-02	48.82
2002-03	51.20
2003-04 (2003 ഡിസംബർ 31 വരെ)	37.58

(ഡി) 34,068 ഏജന്റുമാർ.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ റവന്യൂ റിക്കവറി നടപടി

51 [334] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, സി. മമ്മുട്ടി :

,, കളത്തിൽ അബ്ദുള്ള :

,, ഇസ്ഹാക് കുരിക്കൾ :

,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയ എത്ര പേർ വായ്പ കുടിശ്ശിക വരുത്തിയതിന്റെ പേരിൽ റവന്യൂ റിക്കവറി നടപടി നേരിടുന്നു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly